ക്രമ നമ്പർ	ഏജൻസി	
	സ്ഥിരം സപ്ലയർമാർ	ഇപ്പോൾ ടെണ്ടർ വ്യവസ്ഥയിൽ സപ്ലൈ ചെയ്യുന്നവർ
1	കേരഫെഡ്	ഫൈവ്സ്റ്റാർ ട്രേഡിംഗ് കോ.
2	വടകര താലൂക്ക് പ്രൈമറി സഹകരണ സംഘം	കെ.എം. ഓയിൽ
3	കല്ലംകുന്ന് സർവ്വീസ് സഹകരണ സംഘം	എസ്സെൻ ട്രേഡിംഗ് കോ.
4	കൊട്ടൂർ സർവ്വീസ് സഹകരണ സംഘം	റ്റീകെ. ട്രേഡേഴ്സ്
5	-	കുഞ്ഞാനിയൽ ഓയിൽ എക്സ്ട്രാക്ടേഴ്സ്
6	-	ത്രീസ്റ്റാർ ക്രിയേഷൻസ്

(ബി) വെളിച്ചെണ്ണ വാങ്ങിയ വകയിൽ കൺസ്യൂമർഫെഡ് നൽകാനുള്ള തുകകൾ, നൽകേണ്ട ഏജൻസികൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2014 ജനുവരി മുതൽ ഫെഡറേഷൻ വാങ്ങുന്ന വെളിച്ചെണ്ണയുടെ വില 45 മുതൽ 60 ദിവസങ്ങൾക്കുള്ളിൽ കൊടുത്തു തീർക്കുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്നതിനനുസൃതമായി കുടിശ്ശിക തുകകൾ തീർക്കുന്നതാണ്.

കേപ്പിന്റെ സാമ്പത്തിക സ്ഥിതി

90 (7926) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ ;

(ബി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം കേപ്പ് എത്ര രൂപ കൊച്ചി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ നൽകിയെന്ന് അറിയിക്കുമോ ;

(സി) കൊച്ചി . മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെനിന്നും ഏതെങ്കിലും വിധത്തിലുള്ള വരുമാനം കേപ്പിന് ലഭിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം കേപ്പ് കൊച്ചി മെഡിക്കൽ കോളേജിനുവേണ്ടി ചെലവഴിച്ച തുക സർക്കാർ റീ-ഇംബേഴ്സ് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) 14-5-2014-ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കേപ്പിന് എത്ര രൂപയുടെ സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചു ; അതിൽ ഇതുവരെ എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(എഫ്) 26-5-2014-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധ) നമ്പർ 1674/2014 എച്ച് &എഫ്.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം എത്ര കോടി രൂപ കേപ്പ് കൊച്ചിൻ മെഡിക്കൽ കോളേജിന് നല്കി ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേപ്പിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ല. കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിന്റെ വസ്തു ഈടിന്മേൽ എറണാകുളം ജില്ലാ സഹകരണ ബാങ്ക് അനുവദിച്ചിരുന്ന 75 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് സൗകര്യം കഴിഞ്ഞ ജൂൺ മാസത്തോടുകൂടി അതിന്റെ പരമാവധി പരിധിയിലെത്തിച്ചേർന്നിരിക്കുകയാണ്. കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനാൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം 30-6-2014-ന് ശേഷം നൽകാൻ എറണാകുളം ജില്ലാ സഹകരണ ബാങ്ക് വിസമ്മതിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും കേപ്പിന് 5 കോടി രൂപ പലിശ രഹിത വായ്പയായി നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 8,59,45,161 രൂപ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല. 31-7-2014 വരെ കേപ്പിന് ചെലവാകുന്ന തുക റീ-ഇംപേഴ്സ് ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) 14-5-2014-ൽ ചേർന്ന യോഗത്തിൽ, കേപ്പിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ 9 കോടി രൂപ കേപ്പിന് നൽകണമെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിൽ 5 കോടി രൂപ ശമ്പള ഇനത്തിലും 4 കോടി രൂപ ബിൽ പേയ്മെന്റ് ഇനത്തിലുമാണ്. എന്നാൽ തുക ഇതുവരെയും ആരോഗ്യ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

(എഫ്) 1,70,00,000 രൂപ നൽകി.

LIBRARY ARCHIVES Kerala Legislative Assembly